GE-DA2/152/2024-G.EDN

"ഭരണഭാഷ-

മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ശ്രീമതി സബിയ.പി.പി, മുൻ പ്രഥമാധ്യാപിക, ജി.യു.പി.എസ്, എരുമക്കൊല്ലി,വയനാട് -അച്ചടക്ക നടപടി- ഔപചാരിക അന്വേഷണത്തിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ക്യൂ.ഐ.പി 2 വിഭാഗം ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.925/2026/GEDN തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:-
1) 01.04.2024 ലെ സ.ഉ(സാധാ) നം 2505/2024/പൊവിവ
2) 16.01.2025 ലെ DA2/152/2024/പൊവിവ നം കുറ്റപത്രം, കുറ്റാരോപണ പത്രിക
3) ശ്രീമതി.സബിയ.പി.പി സമർപ്പിച്ച 24.02.2025 ലെ പ്രതിവാദപത്രിക
4) 14.10.2025 ലെ സ.ഉ(സാധാ) നം. 8445/2025/പൊവിവ
5) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12.11.2025 ലെ DGE/19401/2023-VA4 നം കത്ത്

**ഉത്തരവ്**

എരുമക്കൊല്ലി ജി.യു.പി.എസ് സ്കൂളിലെ മുൻ പ്രഥമാധ്യാപിക ശ്രീമതി.സബിയ.പി.പി, ടി സ്കൂളിൽ നിന്നും കുറ്റാരോപിതയായ സീനിയർ അസിസ്റ്റന്റ് ശ്രീമതി.അനീഷ.ബി.എസ്-നെ വിടുതൽ ചെയ്യുന്നതിന് പകരം ചട്ടവിരുദ്ധമായി സഹായിച്ചതിനാൽ ടിയാൾക്കെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു.

2.എന്നാൽ ടിയാൾ 31.03.2024 ൽ സർവീസിൽ നിന്നും വിരമിച്ചതിനാൽ

ടിയാൾക്കെതിരെ സർക്കാർ തലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർഥിച്ചിരുന്നു. ടിയാൾക്കെതിരെ കെ എസ് ആർ ഭാഗം 3 ചട്ടം 3(b) പ്രകാരം സർക്കാർ തലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം(2) പ്രകാരം കുറ്റപത്രം, കുറ്റാരോപണ പത്രിക നല്കുകയും ആയതിന്റെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തിരുന്നു.

3. പൊതുവിദ്യാഭ്യാസ വകുപ്പിലെ വിജിലൻസ് ഓഫീസർ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നീ തസ്തികകളുടെ ചുമതലകൾ ഒരേ സമയം നിർവ്വഹിക്കുന്ന സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് ഭാരിച്ച ഉത്തരവാദിത്തവും ജോലിഭാരവുമാണുള്ളത്. മാത്രമല്ല വകുപ്പിന്റെ establishment & administration സംബന്ധിച്ച നിലവിൽ വിഷയങ്ങൾക്ക് പുറമേ വകുപ്പിലെ ജീവനക്കാർ, സർക്കാർ സ്കൂളുകളിലെ അധ്യാപകർ/അനധ്യാപകർ, Aided School അധ്യാപകർ/അനധ്യാപകർ എന്നിവരുടെയെല്ലാം അച്ചടക്ക നടപടി (including appeal, review etc.) സംബന്ധിച്ച എല്ലാ ഫയലുകളും സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തലത്തിൽ പരിശോധന നടത്തിയാണ് വകുപ്പ് മേധാവിയുടെ തീരുമാനത്തിനായി സമർപ്പിക്കുന്നത്. മാത്രമല്ല സർക്കാർ തലത്തിൽ നടന്നുവരുന്ന അച്ചടക്ക നടപടികളുടെ ഭാഗമായ ഔപചാരിക അന്വേഷണ റിപ്പോർട്ടിന്മേൽ സർക്കാർ ആവശ്യപ്പെടുന്ന അധിക വിവരങ്ങളും അഭിപ്രായവും തയ്യാറാക്കുന്ന ഫയലുകളും സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആണ് കൈകാര്യം ചെയ്യുന്നത്. വിജിലൻസ് ഓഫീസർ എന്ന നിലയ്ക്കുള്ള പരിശോധനകളും അന്വേഷണ റിപ്പോർട്ട് തയ്യാറാക്കലും സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ഉത്തരവാദിത്തങ്ങളിൽ ഉൾപ്പെടുന്നു. ഈ സാഹചര്യത്തിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നിലവിലെ വർദ്ധിച്ച ജോലിഭാരവും ഉത്തരവാദിത്തങ്ങളും വകുപ്പിലും സർക്കാരിലും നടന്നു വരുന്ന അച്ചടക്ക നടപടി സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുന്നതും കണക്കിലെടുത്ത് ഇപ്പോൾ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന സൂചന പ്രകാരമുള്ള ഔപചാരിക അന്വേഷണ

ചുമതലയിൽ നിന്ന് ടി ഉദ്യോഗസ്ഥയെ ഒഴിവാക്കി മറ്റൊരാളെ ചുമതലപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു എന്നും പരാമർശം(5) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരം ശ്രീമതി സബിയ പി പി-യ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ചുമതലപ്പെടുത്തിയ നിർദ്ദേശം റദ്ദ് ചെയ്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ക്യൂ.ഐ.പി 2 വിഭാഗം ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനകം റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു ആർ ആർ

ഡെപ്യൂട്ടി സെക്രട്ടറി

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. ക്യൂ.ഐ.പി 2 വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ (പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം (പരാമർശം 3,4 സഹിതം)
3. ശ്രീമതി സബിയ പി.പി, റിട്ട എച്ച്.എം(പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
4. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
7. വെബ്( മീഡിയ/കൈറ്റ്സ്)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 02-02-2026 10:37:30
സെക്ഷൻ ഓഫീസർ

പകർപ്പ് -
ബഹു. പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എ യ്ക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ യ്ക്ക്